## Weekly Devotions May 2016 Week -5

## Profound grace




മാലിന്യങ്ങളുടെ കൂമ്പാരത്തിൽ കിടന്നിരുന്ന ഒരു സ്ത്രീയെ മതർതെരേസയും കൂട്ടു പ്രവർത്തകരും ചേർന്ന് അവിടെനിന്ന് എടുക്കുകയുണ്ടായി ശാരീരികമാനസിക ആഘാതം അവരെ മരണസന്നയാക്കിയെങ്കിലും വെള്ളം കൊടുത്തപ്പോൾ സംസാരശേഷി ഉണ്ടായി. അപ്പോൾ ആ സ്ത്രീ ഇപ്രക്കാരെ പറഞ്ഞു ‘‘എന്നെ ഈ ചണ്ടിക്കൂമ്പാരത്തിലേക്ക് തള്ളികളഞ്ഞ മകന് ഒരിക്കലും നന്മ വരാതെ പോകട്ടെ’’ഇതു കേട്ട മദർ യേശുക്രിസ്തുവിന്റെ ക്ഷമയുടെ മാർഗ്ഗത്തെപ്പറ്റി അവരോടു പറഞ്ഞു. ഇതുകേട്ട സ്ത്രീയുടെ പ്രതികരണം ഇങ്ങനെയാണ് ഉണ്ടായത് ‘‘ ഞാൻ എങ്ങനെ അവനോടു ക്ഷമിക്കും? ഞാൻ അവനെ നൊന്തു പ്രസവിച്ചതല്ലേ? എന്നോടു ഇങ്ങനെ ചെയ്യാമോ? ഇതുകേട്ട മദർ അവരോടു ചോദിച്ചു ഇത്രമാത്രം നന്മകൾ ചെയ്തിട്ടു ദൈവപുത്രനെ ക്രൂശിച്ചവർക്കുവേണ്ടി പിതാവിനോട് ക്ഷമക്കായി പുത്രൻ യാചിച്ചില്ലേ പിതാവേ ഇവർ ചെയ്യുന്നത് ഇന്നതെന്ന് അറിയായ്കകൊണ്ട് ഇവരോടു ക്ഷമിക്കേണമേ എന്ന്. യേശു ക്ഷമയുടെ മാർഗ്ഗമാണ് നമ്മെ പഠിപ്പിക്കു

ന്നത് ഞാൻ മകനോട് ക്ഷമിക്കുന്നു യേശുവേ എന്നു പറഞ്ഞ് മദറിന്റെ കൈകളിലേക്ക് ചാഞ്ഞ സ്ത്രീ പുഞ്ചിരിയോടെ പ്രാണനെവിട്ട് മരണത്തിലേക്ക് കടന്നു.

പ്രതികാരവാഞ്ചയാണ് ക്ഷമയുടെ ശത്രു. ദീർഘ ക്ഷമ എന്നത് പ്രശ്നങ്ങളെ ശാന്തമായി നേരിടുവാനുള്ള കഴിവാണ് . നമ്മുടെ ദൈവം ക്ഷിപ്രകോപി അല്ല , കരുണാമയനാണ ്. പ്രതികാരം മുളയ്ക്കുന്നത് പാപത്തിന്റെ വേരിൽ നിന്നാണ് . പ്രതികാര ചിന്ത ഉള്ളവന് ആരോടും കരുണയോടെ പെരുമാറാൻ കഴിയുകയില്ല . യേശു നമ്മെ പഠിപ്പിച്ചത് '' ഏഴ് എഴുപത് വട്ടം '' ക്ഷമിയ്ക്കുവാനാണ് .കരുണ ഉള്ളമനസ്സിൽ പ്രതികാരത്തിന് സ്ഥാനമില്ല. മദർതെരേസ എന്ന വനിത ഇതിന് ഉത്തമോദാഹരണമാണ് .

പരീശൻമാർ വ്യഭിചാരത്തിൽ പിടിച്ച ഒരു സ്ത്രീയെ യേശുവിന്റെ അടുക്കൽ കൊണ്ടുവന്നു .യോഹ: 8.1 10 അന്നത്തെ നിയമമനുസരിച്ച് അവളെ കല്ലറിഞ്ഞ് കൊല്ലുകയാണ് വേണ്ടത്.

എന്നാൽ കരുണാസമൃദ്ധിയുള്ളവൻ അതിന് തയ്യാറായില്ല. ഗുരുവിനെ കുടുക്കുവാനും അവർ ആഗ്രഹിച്ചിരുന്നു .എന്നാൽ ' നിങ്ങളിൽ പാപമില്ലത്തവൻ അവളെ ഒന്നാമത് കല്ലെറിയട്ടെ ' എന്ന് യേശു പറഞ്ഞപ്പോൾ തങ്ങളെ തന്നെ ശോധനചെയ്യുവാൻ അവർക്ക് ഒരവസരം കെടുക്കുകയായിരുന്നു. കല്ലെറിയുവാൻ വന്നവർ, ഗുരുവിനെ കുറ്റം വിധിപ്പാൻ വന്നവർ ഗുരുസാന്നിദ്ധ്യത്തിൽ നില്പാൻ യോഗ്യരല്ലാതെ വേഗം അവിടെ നിന്നും പോയി . പാപബോധത്താൽ തലതാഴ്ത്തി നിന്നവൾക്ക് കരുണാസമ്പന്നൻ സ്നേഹപൂർവ്വം ഒരവസരം കൂടി നൽകി. പാപികളുടെ ലോകത്തിലേക്കാണ് അവൾ മടങ്ങുന്നത് എന്ന ഭയം ഇപ്പോൾ അവൾക്കില്ല. എല്ലാ തിന്മകളെയും കീഴടക്കുവാനുള്ള ദൈവകൃപ അവൾ പ്രാപിച്ചെടുത്തു.




പ്രീയമുള്ളവരേ ! ഇനി പാപം ചെയ്യരുത് എന്ന ദൈവീകനിർദ്ദേശം ഈ സ്ത്രീയെ പ്പോലെ നമുക്കും ഏറ്റെടുക്കാം. പാപനിബിഡമായ ലോകത്തിൽ പാപം ചെയ്യാത്തവരായി ജീവിപ്പാൻ കരുണാമയൻ നമ്മെ സഹായിക്കട്ടെ.

## ***പ്രാർത്ഥന***

മഹാകരുണയും മനസ്സലിവുമുള്ള ദൈവമേ! പാപികളായ ഞങ്ങളുടെ മേൽ ചൊരിഞ്ഞ കരുണയ്ക്കായി സ്തോത്രം. തെറ്റുകൾ ജീവിതത്തിൽ വരാതെ ആ കരുണയുടെ നിഴലിൻ കീഴിൽ ആയിരിപ്പാൻ കൃപ ചെയ്യേണമേ ആമേൻ.

Santhamma Varghese

Website: www.biblestudy.co.in
Email: biblestudy.co.in@gmail.com
Facebook: https://www.facebook.com/biblestudyind